# പ്രയാസസാഹചര്യങ്ങൾ സന്തോഷത്തോടെ സഹിക്കുക!

**നിർദേശങ്ങൾ:** ശാന്തമായ ഒരു സ്ഥലത്ത് ഇരുന്ന് ഈ അഭ്യാസം ചെയ്യുക. തിരുവെഴുത്തുകൾ വായിക്കുമ്പോൾ സംഭവങ്ങൾ നേരിട്ട് കാണുന്നതായി സങ്കല്പിക്കുക. രംഗങ്ങൾ ഭാവനയിൽ കാണുക, ശബ്ദങ്ങൾ കേൾക്കുക, കഥാപാത്രങ്ങളുടെ വികാരങ്ങൾ തൊട്ടറിയുക. അങ്ങനെ ആ വിവരണം ജീവനുള്ളതായിത്തീരട്ടെ.

**മുഖ്യകഥാപാത്രങ്ങൾ:** പൗലോസ് അപ്പോസ്തലൻ, ശീലാസ്, ദാസിപ്പെൺകുട്ടി, അവളുടെ യജമാനന്മാർ, ജയിലധികാരി

**ചുരുക്കം:** പ്രസംഗപ്രവർത്തനം ചെയ്തതുകൊണ്ട് പൗലോസിനെയും ശീലാസിനെയും ജയിലിൽ അടയ്ക്കുന്നു. പെട്ടെന്നുണ്ടായ ഒരു ഭൂകമ്പത്തോടെ അവർ ജയിൽമോചിതരാകുന്നു.

## 1 ഈ രംഗം ഒന്ന് ഭാവനയിൽ കാണുക.—പ്രവൃത്തികൾ 16:16-40 വായിക്കുക.

പിൻവരുന്നവരിൽ ഏതു മുഖഭാവമാണു നിങ്ങൾ ‘കാണുന്നത്?’

ദാസിപ്പെൺകുട്ടിയുടെ യജമാനന്മാർ. *(19-22 വാക്യങ്ങൾ വീണ്ടും വായിക്കുക.)*

ജയിലിലായിരുന്ന പൗലോസ്, ശീലാസ്. *(25-ാം വാക്യം വീണ്ടും വായിക്കുക.)*

‘വലിയ ഭൂകമ്പത്തിന്റെ’ ആഘാതവും ശബ്ദവും ഭാവനയിൽ കാണുക. *(26, 27 വാക്യങ്ങൾ വായിക്കുക.)*

28-31 വാക്യങ്ങളിലെ വിവരങ്ങൾ അപ്പോസ്തലനായ പൗലോസ് ജയിലധികാരിയോട് ഏതു ശബ്ദഭാവത്തിലായിരിക്കാം പറഞ്ഞത്?

## 2 ആഴത്തിൽ കുഴിക്കുക.

ആ ഭൂമികുലുക്കം സ്വാഭാവികമായി ഉണ്ടായതാണോ? നിങ്ങൾ അങ്ങനെ ഉത്തരം പറയുന്നത് എന്തുകൊണ്ട്? (സൂചന: *പ്രവൃത്തികൾ 4:31; 5:19; 12:7 വായിക്കുക.*)

പൗലോസും ശീലാസും തന്നോട് ദയയോടെ പെരുമാറിയതിൽ ജയിലധികാരി അതിശയിച്ചിരിക്കാവുന്നത് എന്തുകൊണ്ട്? *(പ്രവൃത്തികൾ 16:23, 24 വീണ്ടും വായിക്കുക.)*

പൗലോസിനെയും ശീലാസിനെയും ജയിലിൽ അടച്ച സംഭവം കൂടുതൽ ആളുകളോട് സന്തോഷവാർത്ത അറിയിക്കാൻ സഹായിച്ചത് എങ്ങനെ? (സൂചന: *25, 33 വാക്യങ്ങൾ വീണ്ടും വായിക്കുക.*)



www.jw.org © 2017 Watch Tower Bible and Tract Society of Pennsylvania

## 3 പഠിച്ചതു പ്രാവർത്തികമാക്കുക.

പഠിച്ച കാര്യം എഴുതുക. . .

പ്രയാസസാഹചര്യങ്ങളിൽ എങ്ങനെ സഹിച്ചുനിൽക്കാം?

______________________________

______________________________

സഹിച്ചുനിൽക്കുന്നതുകൊണ്ടുള്ള പ്രയോജനങ്ങൾ. (യാക്കോബ് 1:2-4 വായിക്കുക.)

______________________________

______________________________

## 4 നിങ്ങളോടുതന്നെ ചോദിക്കുക.

എനിക്ക് സഹനശക്തി കൂടുതൽ ആവശ്യമായിവരുന്നത് എപ്പോഴാണ്?

______________________________

______________________________

പ്രയാസസാഹചര്യങ്ങളിലൂടെ കടന്നുപോകുമ്പോൾ മറ്റുള്ളവരോട് പെരുമാറുന്ന വിധത്തിൽ എനിക്ക് എങ്ങനെ പൗലോസിനെ അനുകരിക്കാം?

______________________________

______________________________

______________________________

ഈ വിവരണത്തിലെ ഏതു ഭാഗമാണ് എനിക്ക് കൂടുതൽ ബാധകമാകുന്നത്, എന്തുകൊണ്ട്?

______________________________

______________________________

______________________________



**ചെയ്‌തുനോക്കൂ:** നിങ്ങളാണ് ജയിലധികാരിയെന്ന് സങ്കല്പിക്കുക. ഈ വിവരണത്തിലെ സംഭവങ്ങൾ അദ്ദേഹത്തിന്റെ വീക്ഷണത്തിൽ എഴുതുക. പൗലോസിനെ ജയിലിൽ അടയ്‌ക്കുമ്പോഴും ഭൂമികുലുക്കം കാണുമ്പോഴും ഒടുവിൽ കുടുംബത്തോടൊപ്പം സ്‌നാനപ്പെടുമ്പോഴും ഉള്ള അദ്ദേഹത്തിന്റെ വികാരങ്ങൾ ഉൾപ്പെടുത്തുക.

ഈ പിഡിഎഫ് jw.org-ൽനിന്ന് ഡൗൺലോഡ് ചെയ്യുക



www.jw.org © 2017 Watch Tower Bible and Tract Society of Pennsylvania